"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്-ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ കണ്ടിജന്റ് ജീവനക്കാരായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.റിയാസ് മുതൽപേർ ഫയൽ ചെയ്തിരുന്ന ഡബ്ല്യൂ.പി.സി.16015/2021ൻമേലുള്ള ബഹു. ഹൈക്കോടതിയുടെ 27-8-2021ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.204/2022/LSGD തീയതി,തിരുവനന്തപുരം, 02-02-2022

---

പരാമർശം:-
1. സ.ഉ.(എം.എസ്) നം.14/82/എൽ.ബി.ആർ ,തീയതി 22/04/1982
2. സ.ഉ.(എം.എസ്) നം.91/2001/തസ്വഭവ,തീയതി 29/03/2001
3. സ.ഉ.(സാധാ) നം.2748/2006/തസ്വഭവ ,തീയതി 03/11/2006
4. പരിപത്രം നം.25941/ജി2/2013/എൽബിആർ തീയതി 05/02/2014
5. ആലപ്പുഴ നഗരസഭ കൗൺസിലിന്റെ 10-6-2020ലെ 10ാം നമ്പർ കൗൺസിൽ തീരുമാനം.
6.. ശ്രീ റിയാസ് മുതൽപേർ ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി.16015/2021 ൻമേലുള്ള ബഹു.ഹൈക്കോടതിയുടെ 27-8-2021ലെ വിധിന്യായം
7. നഗരകാര്യഡയറക്ടറുടെ 16-11-2021 തീയതിയിലെ ഇ2-22528/2019ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ കണ്ടിജന്റ് ജീവനക്കാരായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.റിയാസ് മുതൽപേർ തങ്ങളെ സ്ഥിരപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ഒന്നാം എതിർ കക്ഷിയായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്ക് കൈമാറുന്നതിനുള്ള നിർദ്ദേശം മൂന്നാം കക്ഷിയായ നഗരകാര്യഡയറക്ടർക്ക് നൽകണമെന്ന ആവശ്യവുമായി ഫയൽ ചെയ്തിരുന്ന ഡബ്ല്യൂ.പി.സി.16015/2021 ൻമേലുള്ള ബഹു. ഹൈക്കോടതിയുടെ സൂചന(5) വിധിന്യായം പ്രകാരം മൂന്നാം കക്ഷിയായ നഗരകാര്യഡയറക്ടർ എക്സിബിറ്റ് പി21 അപേക്ഷ പരിശോധിച്ച്, വിധിന്യായം ലഭിച്ച് ഒരു മാസത്തിനുള്ളിൽ സർക്കാരിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർ കക്ഷിയായ സർക്കാർ നഗരകാര്യഡയറക്ടറിൽ നിന്നും ശുപാർശ ലഭിച്ച് രണ്ടു മാസത്തിനുള്ളിലോ അല്ലെങ്കിൽ വിധിന്യായം ലഭിച്ച് രണ്ടു മാസത്തിനുള്ളിലോ (whichever is later) എക്സിബിറ്റ്

പി 21 ൻമേൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എക്സിബിറ്റ് പി 21 എന്നത് ആലപ്പുഴ നഗരസഭാ സെക്രട്ടറി നഗരകാര്യഡയറക്ടർക്ക് നൽകിയിരിക്കുന്ന, ദിവസവേതന അടിസ്ഥാനത്തിൽ 10 വർഷത്തിലധികമായി സേവനം അനുഷ്ഠിക്കുന്ന തൊഴിലാളികളുടെ വിവരങ്ങൾ അടങ്ങിയ പ്രൊപ്പോസലാണ് .

2. ഈ കേസ് ഫയൽ ചെയ്തിരിക്കുന്ന ആലപ്പുഴ നഗരസഭയിൽ ദിവസവേതനടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന 5 പേരെയും സൂചന (5) പ്രകാരം താൽക്കാലിക ശുചീകരണ തൊഴിലാളികളായി അംഗീകരിക്കുകയും പുനർ നിയമനം നൽകുകയും ചെയ്തിട്ടുള്ളതാണെന്നും മേൽ ജീവനക്കാർ അവരുടെ സേവനകാലയളവിൽ ശുചീകരണ തൊഴിലും ശുചീകരണ വാഹനങ്ങൾ ഓടിക്കുകയും ചെയ്തിരുന്നതിനാലാണ് ഇവരെ ശുചീകരണ തൊഴിലാളി ഗണത്തിൽ പിന്നീട് ഉൾപ്പെടുത്തിയത് എന്നും നഗരസഭ സെക്രട്ടറി അറിയിച്ചിരുന്നു. 2009,2010,2011,2013 എന്നീ വർഷങ്ങളിൽ ഡ്രൈവറായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിയ്ക്ക് കയറിയ വ്യക്തികളെ സൂചന(5) തീരുമാനപ്രകാരമാണ് ശുചീകരണ തൊഴിലാളികളായി അംഗീകരിച്ചിരിക്കുന്നത്.

3.കേരളത്തിലെ നഗരസഭകളിൽ ദിവസക്കൂലിക്കും കരാർ അടിസ്ഥാനത്തിലുമായി 10 വർഷത്തിലധികമായി സേവനമനുഷ്ഠിച്ചുവരുന്ന ശുചീകരണ തൊഴിലാളികളുടെ ലിസ്റ്റ് സമർപ്പിക്കുന്നതിന് സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരുന്നതിനെ തുടർന്ന് അതു പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും അറിയിപ്പ് നൽകിയിരുന്നുവെന്നും ആയതിന് ആലപ്പുഴ നഗരസഭയിൽ നിന്നും നഗരസഭയിലെ 5 ശുചീകരണ തൊഴിലാളികളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുള്ളതാണ് എന്നും ടി ലിസ്റ്റിലെ സൈജു കെ.കെ, സുജിത്ത് എം. എന്നീ ജീവനക്കാർ പത്തു വർഷം സേവനക്കാലം പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാളുകളുടെ വിവരങ്ങൾ സർക്കാരിലേയ്ക്ക് അറിയിച്ചിരുന്നതും എന്നാൽ ടി കാലയളവിൽ 10 വർഷം പൂർത്തിയാക്കാത്ത 3 ജീവനക്കാരുടെ വിവരങ്ങൾ ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും നഗരകാര്യഡയറക്ടർ സൂചന(7) പ്രകാരം അറിയിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽ 10 വർഷം പൂർത്തിയാക്കാത്ത 3 ജീവനക്കാരെ കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേസ് ഫയൽ ചെയ്യുകയുണ്ടായി എന്നും ഡബ്ല്യു.പി.സി.16015/2021 ൻമേലുള്ള ബഹു. ഹൈകോടതിയുടെ സൂചന(5) വിധിന്യായത്തിൽ ടിയാന്മാരുടെ അപേക്ഷ പരിഗണിച്ച് ഒന്നാം എതിർകക്ഷിയായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു എന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.ഈ ലിസ്റ്റിലെ ജീവനക്കാരിൽ ശ്രീ.സൈജു കെ.ജെ 2009 ജനുവരി മുതലും ശ്രീ സുജിത്ത്. എം. 2010 ആഗസ്റ്റ് മുതലും ശ്രീ.സുധീർ.എച്ച്. ആഗസ്റ്റ് 2011 മുതലും ശ്രീ റിയാസ്.എ. 2011 സെപ്റ്റംബർ മുതലും ശ്രീ.സൈജു ഉത്തമൻ 2013 ഏപ്രിൽ മുതലും ജോലിയിൽ പ്രവേശിച്ചവരാണെന്നും നഗരകാര്യഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4.1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 224(1) പ്രകാരം കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനാധികാരം അതാത് നഗരസഭാ കൗൺസിലുകളിൽ നിക്ഷിപ്തമാണ്. എന്നാൽ പ്രസ്തുത നിയമനം സൂചന(1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം. ടി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം

പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നഗരസഭകളിൽ ഉണ്ടാകാനിടയുള്ള സ്ഥിരം ഒഴിവുകൾ കണക്കിലെടുത്ത് ആദ്യഘട്ടത്തിൽ പകരം തൊഴിലാളികളായി ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുകയും സ്ഥിരം തൊഴിലാളികളായി ജോലി നോക്കുന്നവരിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ടി തൊഴിലാളികളെ സ്ഥിരം ഒഴിവുകളിലേയ്ക്ക് നിയമിക്കുന്നതുമാണ് നിലവിലെ നിയമനരീതി . കൂടാതെ സൂചന(2) പ്രകാരം 31/12/2000 വരെ സൂചന(1) ഉത്തരവിലെ മാനദണ്ഡങ്ങൾ ലംഘിച്ച് ദിവസക്കൂലിയടിസ്ഥാനത്തിൽ വിവിധ നഗരസഭകൾ നിയമിച്ച തൊഴിലാളികളെ അവരെ സ്ഥിരനിയമനത്തിന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഒഴിവിന്റെ ലഭ്യതയ്ക്ക് വിധേയമായി അർഹരാക്കി പകരം തൊഴിലാളികളായി പരിഗണിച്ച് ഉത്തരവായിട്ടുണ്ട്. ഏതെങ്കിലും നഗരസഭയിൽ സൂചന(1) ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി നിയമിക്കപ്പെട്ട തൊഴിലാളികളും മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ ദിവസക്കൂലിയടിസ്ഥാനത്തിൽ 31/12/2000 വരെ നിയമിക്കപ്പെട്ട തൊഴിലാളികളും ഉള്ളപക്ഷം, സ്ഥിരനിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകം പ്രത്യേകം തയ്യാറാക്കുകയും മാനദണ്ഡങ്ങൾക്കനുസൃതമായ ലിസ്റ്റിൽ ഉള്ളവർക്ക് മുൻഗണന നൽകി അവരുടെ ഊഴം കഴിഞ്ഞശേഷം മാത്രം രണ്ടാമത്തെ ലിസ്റ്റിൽ ഉള്ളവരുടെ സ്ഥിരം നിയമനകാര്യം പരിഗണിക്കേണ്ടതാണെന്നും സൂചന(2) പ്രകാരം ഉത്തരവായിരുന്നു.

ദിവസവേതന അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സ്ഥിരം സർവ്വീസിലേയ്ക്ക് എടുക്കുന്നതിന് / നിയമിക്കപ്പെടുന്നതിന് അവകാശം ഉന്നയിയ്ക്കാൻ കഴിയുകയില്ലായെന്നും, ഭരണഘടനയുടെ ആർട്ടിക്കിൾ 14, 16 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിയമനം നടത്താൻ കഴിയില്ലായെന്നും ഉമാദേവി Vs സ്റ്റേറ്റ് ഓഫ് കർണ്ണാടക, സചിവാലയ ദൈനിക് വേദൻ ഭോഗി യൂണിയൻ Vs സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ CA No.7261-7262/16 TSLP No.3778-3779/2015 കേസുകളിലെ വിധിന്യായങ്ങളിൽ ബഹു.സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

സൂചന(3) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നഗരസഭകൾക്ക് ശുചികരണ പ്രവർത്തനങ്ങൾക്ക് അവയുടെ സ്ഥിരം കണ്ടിൻജന്റ് ജീവനക്കാരുടെ കാര്യക്ഷമമായ സേവനം തികയാതെ വരുകയാണെങ്കിൽ ശുചികരണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീയുടെ സേവനം തേടാവുന്നതാണെന്നും കുടുംബശ്രീയുടെ സേവനവും പര്യാപ്തമാവാത്ത അനിവാര്യഘട്ടങ്ങളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തിരഞ്ഞെടുത്ത കണ്ടിജന്റ് ജീവനക്കാരെ ദിവസ വേതനത്തിന്റെ അടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്താവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായി പ്രയോജനപ്പെടുത്തണമെന്നും ,അല്ലാത്തപക്ഷം വകുപ്പ് തലവൻമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും സൂചന(4) പ്രകാരം കർശന നിർദ്ദേശമുണ്ട്

5. State of Karnataka Vs Umadevi & others കേസിലെ വിധിപ്രകാരം

താൽക്കാലിക ജീവനക്കാരെ റഗുലറൈസ് ചെയ്യുന്നത് ചുവടെ ചേർക്കുന്ന നിബന്ധനകൾ പ്രകാരമാണ്.

1. താൽക്കാലിക നിയമനം ലഭിച്ചവർ ' duly qualified 'ആയിരിക്കണം.

2. താൽക്കാലിക നിയമനം 'sanctioned post' കളിൽ ആയിരിക്കണം.

3. അവർ സർവ്വീസിൽ 10 വർഷം തുടർച്ചയായി പ്രവർത്തിച്ചിരിക്കണം

4. അത്തരത്തിലുള്ള 10 വർഷ സർവ്വീസ് കോടതി ഉത്തരവുകളുടെ ബലത്തിലായിരിക്കരുത്.

5. ഇത്തരത്തിൽ നിയമനം ലഭിച്ചവർ 10.04.2006 നുള്ളിലെങ്കിലും കുറഞ്ഞത് 10 വർഷം സർവ്വീസ് പൂർത്തിയായിരിക്കണം. അതായത് നിയമനം 10.04.1996 ന് മുമ്പായിരിക്കണം.

6. ഇത്തരത്തിൽ നിയമനം ലഭിച്ചവരുടെ റഗുലറൈസേഷൻ സംസ്ഥാന സർക്കാരുകൾ 10.04.2006 ന് 6 മാസത്തിനുള്ളിൽ തയ്യാറാക്കിയ സ്കീം പ്രകാരമായിരിക്കണം. അല്ലാത്തപക്ഷം റഗുലറൈസേഷൻ നിയമവിരുദ്ധമായിരിക്കും.

7. ഈ റഗുലറൈസേഷൻ ഒരു തവണത്തേയ്ക്ക് മാത്രമുള്ളതും അത് പിന്നീട് തുടരാൻ പാടില്ലാത്തതുമാണ്.

State of Karnataka Vs Umadevi & others കേസിലെ വിധി ഭരണ ഘടനാ ബഞ്ചിന്റേതാകയാൽ മറ്റു സുപ്രീം കോടതി വിധികളെല്ലാം State of Karnataka Vs Umadevi & other ന് വിധേയമായിട്ടുള്ളതാണ്. ആലപ്പുഴ നഗരസഭയിൽ ശുചീകരണത്തൊഴിലാളികളായി ജോലിചെയ്യുന്ന, ഡബ്ല്യൂ.പി.സി.16015/2021 ഫയൽ ചെയ്തിരിക്കുന്ന ശ്രീ റിയാസ് മുതൽ പേരുടെ നിയമനങ്ങൾ സൂചന(1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമല്ല നടത്തിയിരിക്കുന്നത്.നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ശുചീകരണ വിഭാഗത്തിൽ നിയമിച്ചവരെ സ്ഥിരപ്പെടുത്തുന്നത് നിലവിലുള്ള മാനദണ്ഡങ്ങൾക്കും ബഹു.സുപ്രീം കോടതിയുടെ ഉമാദേവി കേസിലെ ഉത്തരവുകൾക്ക് വിരുദ്ധമാകും എന്നുള്ളതിനാൽ പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമിച്ച ശുചീകരണ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല.

6. ആലപ്പുഴ നഗരസഭയിൽ നിന്നും ലഭിച്ച എക്സിബിറ്റ് പി 21 പ്രകാരമുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജീവനക്കാർ പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച ജീവനക്കാർ അല്ല .കൂടാതെ ടി ജീവനക്കാർ 2009നുശേഷം ജോലിയിൽ പ്രവേശിച്ചവരാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 224(1) പ്രകാരം , ആലപ്പുഴ നഗരസഭയിൽ ശുചീകരണ തൊഴിലാളികളുടെ ഒഴിവുകൾ ഉണ്ടെങ്കിൽ

ടി ഒഴിവുകളിൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിയമനാധികാരം അതാത് നഗരസഭാ കൗൺസിലുകളിൽ നിക്ഷിപ്തമാണ്. എന്നാൽ പ്രസ്തുത നിയമനം സൂചന(1),(2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം. സൂചന(1),(2) പ്രകാരം പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരെ പകരം തൊഴിലാളികളായി പരിഗണിക്കുയും നഗരസഭകളിലെ കണ്ടിജന്റ് തസ്തികയിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പകരം തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി അനുസരിച്ച് സ്ഥിരം തസ്തികയിൽ നിയമനം നടത്തുകയുമാണ് നിലവിലെ രീതി.

7. ബഹു . ഹൈക്കോടതി മുമ്പാകെ ശ്രീ റിയാസ് മുതൽപേർ ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി.16015/2021 ൻമേലുള്ള ബഹു. ഹൈക്കോടതിയുടെ സൂചന(5) വിധിന്യായത്തിൽ, ശ്രീ റിയാസ് മുതൽപേരുടെ അപേക്ഷ പരിഗണിച്ച് ഒന്നാം എതിർകക്ഷിയായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സൂചന(7) പ്രകാരം സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. ടി തൊഴിലാളികൾ സൂചന(1),(2) ഉത്തരവുകൾ പ്രകാരം നിയമിച്ചവരല്ലാത്ത സാഹചര്യത്തിൽ ശ്രീ. റിയാസ് മുതൽപേരെ സ്ഥിരം കണ്ടിജന്റ് തൊഴിലാളികളായി പരിഗണിക്കുന്നതിനുള്ള പകരം തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സാധിക്കുകയില്ലാത്തതിനാൽ ശ്രീ റിയാസ് മുതൽ പേർ സമർപ്പിച്ച അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

8. ഡബ്ല്യൂ.പി.സി.16015/2021 ൻമേലുള്ള ബഹു. ഹൈക്കോടതിയുടെ 27-8-2021 തീയതിയിലെ വിധിന്യായം മേൽ പ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ആലപ്പുഴ നഗരസഭ.
ശ്രീ.റിയാസ് മുതൽപേർ(നഗരകാര്യഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ